ഉദ്യോഗസ്ഥരുടെ അക്കഡമിക് താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പാർട്ട്-ടൈം പഠനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ട്രാൻസ്ഫർ സംബന്ധമായി സർക്കാർ മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ജനസമ്പർക്ക പരിപാടി

21 (1753) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളും വിജയമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പരിപാടികൾ അതാതു വകുപ്പ് മന്ത്രിമാരും ജില്ലാ കളക്ടർമാരും എല്ലാ വർഷവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റി ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ നടത്തിയ 3 ജനസമ്പർക്ക പരിപാടികളിലും, പൊതുജനങ്ങളുടെ വിവിധ പരാതികളിൽ നിയമ തടസ്സങ്ങളില്ലാത്തവയിൽ സമയബന്ധിതമായി പരിഹാരം കാണുകയുണ്ടായി. ചികിത്സാധനസഹായവും മറ്റ് ആനുകൂല്യങ്ങളും അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകിയിട്ടുള്ളതും ജനസമ്പർക്ക പരിപാടി വിജയകരമാക്കുന്നതിന് കാരണമായിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ വിവിധ നടപടിക്രമങ്ങളിൽ മാറ്റമോ അയവുകളോ വരുത്തിക്കൊണ്ട് 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജനസമ്പർക്ക പരിപാടിയെ വിജയകരമാക്കിയിട്ടുള്ളതുമാണ്.

(ബി & സി) ഇക്കാര്യത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനസമ്പർക്ക പരിപാടി-വയനാട് ജില്ല

22 (1754) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ വയനാട് ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര പരാതികൾക്ക് ഇതുവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ട് എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ എത്രയെണ്ണം ഉണ്ടായിരുന്നു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2011, 2013, 2015 വർഷങ്ങളിലായി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളിലായി ആകെ 67,062 അപേക്ഷകൾ ലഭിച്ചു.

(ബി) ഇതിൽ വൈത്തിരി താലൂക്കിലെ 4,040 അപേക്ഷകൾക്കും സുൽത്താൻബത്തേരി താലൂക്കിലെ 2,901 അപേക്ഷകൾക്കും മാനന്തവാടി താലൂക്കിലെ 4,279 അപേക്ഷകൾക്കും പരിഹാരമായിട്ടുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ളതും പരിഹരിച്ചിട്ടുള്ളതുമായ പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(സി) ഇതിൽ സാമ്പത്തിക സഹായത്തിനായി വൈത്തിരി താലൂക്കിൽ നിന്നും 4,360 അപേക്ഷകളും സുൽത്താൻബത്തേരി താലൂക്കിൽ നിന്നും 1,634 അപേക്ഷകളും മാനന്തവാടി താലൂക്കിൽനിന്നും 2,529 അപേക്ഷകളും ഉണ്ടായിരുന്നു.

മന്ത്രിമാർ ചെലവഴിച്ച തുക

23 (1755) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ ഔദ്യോഗിക വസതിയിലും ഓഫീസിലുമായി മുഖ്യമന്ത്രിയും മന്ത്രിമാരും, അതിഥി സൽക്കാര ഇനത്തിൽ ഓരോരുത്തരും എത്ര വീതം തുക ചിലവഴിച്ചെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും മൊബൈൽ ഫോൺ ചാർജ്ജ് ഇനത്തിൽ ഓരോരുത്തരും എത്ര തുക ചിലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും ടി.എ, ഡി.എ ഇനങ്ങളിൽ ഓരോരുത്തരും എത്ര തുക കൈപ്പറ്റിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം (I) ആയി ചേർക്കുന്നു. *

(ബി)അനുബന്ധം (II) ചേർക്കുന്നു. *

(സി)അനുബന്ധം (III) ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly